(ബി) വയനാട് ജില്ലയിൽ അധിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളും ബാച്ചുകളും

1. ജി.എച്ച്.എസ്.എസ്. കണിയാമ്പറ്റ (സയൻസ്)
2. ജി.എച്ച്.എസ്.എസ്., പനമരം (സയൻസ്)
3. ജി.എച്ച്.എസ്.എസ്., തലപ്പുഴ (സയൻസ്)
4. ജി.എച്ച്.എസ്.എസ്., മേപ്പാടി (ഹ്യൂമാനിറ്റീസ്)
5. ജി.എച്ച്.എസ്.എസ്., കൊളേരി (ഹ്യൂമാനിറ്റീസ്)
6. ജി.എച്ച്.എസ്.എസ്., തൃശ്ശിലേരി (ഹ്യൂമാനിറ്റീസ്)
7. ജി.എച്ച്.എസ്.എസ്., വടുവഞ്ചേരി (ഹ്യൂമാനിറ്റീസ്)
8. ജി.എച്ച്.എസ്.എസ്., കാട്ടിക്കുളം (ഹ്യൂമാനിറ്റീസ്)
9. ജി.എച്ച്.എസ്.എസ്., വെള്ളമുണ്ട (ഹ്യൂമാനിറ്റീസ്)
10. ജി.എച്ച്.എസ്.എസ്., മാനന്തവാടി (ഹ്യൂമാനിറ്റീസ്)
11. ജി.എച്ച്.എസ്.എസ്., തരിയോട് (കൊമേഴ്സ്).

ഹരിപ്പാട് നിയോജക മണ്ഡലത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് പുതിയ കെട്ടിടം

70(759) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ സ്പെഷ്യൽ പാക്കേജിൽ മംഗലം, വലിയഴീക്കൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഓരോ കോടി രൂപാവീതം അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(സി) വിദ്യാഭ്യാസ വകുപ്പിലെ ഏത് ഉദ്യോഗസ്ഥനാണ് പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ ചുമതലക്കാരൻ ;

(ഡി) നിർമ്മാണ പ്രവൃത്തിയിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ ;

(ഇ) കാലതാമസത്തിന് ആരാണ് കാരണക്കാരൻ എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത വ്യക്തിയോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ആറാട്ടുപുഴ പഞ്ചായത്തിന്റെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗമാണ് പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് പൂർത്തീകരിച്ചത്.

(ഡി) കാലതാമസം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഇ&എഫ്) ബാധകമല്ല.

ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ സർക്കാർ-എയ്ഡഡ് പ്ലസ്ടു സ്കൂളുകൾ ആരംഭിക്കാൻ നടപടി

71(780) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമ പഞ്ചായത്തിൽ സർക്കാർ-എയ്ഡഡ് മേഖലകളിൽ പ്ലസ്ടു സ്കൂളുകൾ ഒന്നും തന്നെയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിൽ പ്ലസ്ടു സ്കൂൾ ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉപരിപഠനത്തിന് സൗകര്യമില്ലാത്ത കൊല്ലം ജില്ലയിലെ ഏക ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ്ടു ഈ വർഷം തന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പരിഗണനയിലില്ല.

സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്ക് അനുമതി

72(761) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്ക് അനുമതി നൽകാതിരിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly